# KUWAIT MALANKARA RITE MOVEMENT

(Affiliated to MCA)

Patron : Moran Mor Cardinal Baselios Cleemis Catholicos,
Major Archbishop of the Syro-Malankara Catholic Church.

Reg. No. : INDEMB / KWT / ASSN / 82


## വേദവായനയിലൂടെ ആത്മീയ അറിവ്

പ്രിയ കുടുംബാംഗങ്ങളെ,

കെ.എം.ആർ.എം.-ൻെറ 2014-2015 വർഷത്തെ കർമ്മ പരിപാടികളുടെ ഭാഗമായി നമ്മുടെ കുടുംബാംഗങ്ങളെ വേദപുസ്ത വായനയിലൂടെ ആത്മീയ അറിവ് സ്വായത്തമാക്കുന്നതിനു വേണ്ടിയുള്ള ഒരു എളിയ ശ്രമമാണ് - "ബൈബിൾ വായന." വി. ഗ്രന്ഥത്തിലെ പുതിയ നിയമത്തിൽ നിന്നുള്ള ഭാഗങ്ങൾ "ഒരു ദിവസം ഒരു അദ്ധ്യായം" എന്ന ക്രമത്തിൽ വായിച്ചു പൂർത്തിയാക്കുകയും, ആയതിന് പ്രോത്സാഹനമെന്നവണ്ണം, സുവിശേഷ ഭാഗത്തെ ആസ്പദമാക്കി മത്സരങ്ങൾ നടത്തുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. പ്രസ്തുത മത്സരങ്ങളുടെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1) ഈ മത്സരത്തിൽ ഓരോ പ്രാർത്ഥനാ കൂട്ടായ്മയിൽ നിന്നും 4 അംഗങ്ങൾ അടങ്ങുന്ന 3 ടീമുകൾക്ക് പങ്കെടുക്കാവുന്നതാണ്. ഒരു അംഗം ഒരു പ്രാവശ്യം മാത്രമെ മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളൂ.

2) ഓരോ പ്രാർത്ഥനാ കൂട്ടായ്മയിൽ നിന്നും പൊതുവായ ഒരു ടീം, ഫ്രൺസ് ഓഫ് മേരി, യുവജ്യോതി എന്നിങ്ങനെ മൂന്ന് ടീമുകളെ ക്രമപ്പെടുത്തേണ്ടതാണ്.

3) മൂന്ന് മാസത്തിലൊരിക്കൽ (February-06, May-01, July-3 & October-2) നടത്തപ്പെടുന്ന സംയുക്ത പ്രാർത്ഥനാ യോഗത്തിൽ വച്ചായിരിക്കും മത്സരങ്ങൾ എഴുത്തു പരീക്ഷയായി നടത്തപ്പെടുന്നത്.

4) ഓരോ മത്സരപ്പരീക്ഷകളുടേയും വായനാ ഭാഗം കെ.എം.ആർ.എം. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കു - www.kmrm.net

5) ഒരു (1) മാർക്ക് വീതമുള്ള 25 ചോദ്യങ്ങൾ ഉൾപ്പെടുന്ന ചോദ്യാവലിയുടെ ഉത്തരം പൂർത്തിയാക്കുന്നതിനായി 25 മിനിട്ടാണ് അനുവദനീയ സമയം.

6) മത്സരാർത്ഥികളുടെ പേരു വിവരങ്ങൾ ഒരു മാസത്തിനു മുൻപ് അതാത് പ്രയർ കോഓർഡിനേറ്റർ വഴിയായി, കമ്മറ്റി അംഗങ്ങൾ മുഖേന ജനറൽ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

7) ഓരോ ടീമിൻെറയും മൊത്തം മാർക്ക് ആയിരിക്കും പ്രസദ്ധീകരിക്കുന്നത്, വ്യക്തിഗത മാർക്കുകൾ പ്രസദ്ധീകരിക്കുന്നതല്ല.

8) ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ 3 ടീമുകൾക്കും, 3 മത്സരാർത്ഥികൾക്കും കെ.എം.ആർ.എം. വാർഷിക പൊതുയോഗത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

9) പ്രസ്തുത മത്സരങ്ങളുടെ മേൽനോട്ടവും, വിധി നിർണ്ണയവും കെ.എം.ആർ.എം. മാനേജിംഗ് കമ്മറ്റി അധികാരപ്പെടുത്തുന്ന വിധികർത്താക്കളുടെ നിയന്ത്രണത്തിലായിരിക്കും നടത്തപ്പെടുന്നത്. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

ഈ പരിപാടികളുടെ വിജയത്തിനായി ഏവരുടേയും ആത്മാർത്ഥമായ സഹകരണവും, പ്രാർത്ഥനയും പ്രതീക്ഷിച്ചുകൊള്ളുന്നു.

കെ.എം.ആർ.എം. മാനേജിംഗ് കമ്മറ്റിയ്ക്ക് വേണ്ടി,

| | | |
|---|---|---|
| **റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ** | **ജോർജ്ജ് മാത്യു** | **സജിത സ്കറിയ തങ്ങളത്തിൽ** |
| (ആത്മീയ ഉപദേഷ്ടാവ്) | (പ്രസിഡൻറ്) | (ജനറൽ സെക്രട്ടറി.) |